(ബി) പ്രസ്തുത നിയമനങ്ങളുടെ രീതിയും, മാനദണ്ഡവും, വ്യവസ്ഥകളും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോളേജിന്റെ ഇക്കഴിഞ്ഞ ഭരണസമിതിയുടെ കാലയളവിൽ കേസ് നടത്തുന്നതുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുക എത്രയാണ് ;

(ഡി) കഴിഞ്ഞ 5 വർഷം പ്രസ്തുത കോളേജ് പലിശയിനത്തിൽ എന്തു തുക തിരിച്ചടച്ചിട്ടുണ്ടെന്നും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ ഇനി എന്തു തുക തിരിച്ചടക്കാനുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യക്തമാക്കാം. പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ കഴിഞ്ഞ 5 വർഷക്കാലം വിവിധ തസ്തികകളിൽ 135 നിയമങ്ങൾ നടത്തിയിട്ടുണ്ട്. നിയമനം ലഭിച്ചവരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വ്യക്തമാക്കാം. യോഗ്യത നിശ്ചയിച്ച് പത്രം മുഖേന പരസ്യം നൽകി അപേക്ഷ സ്വീകരിച്ച് അഭിമുഖം നടത്തിയാണ് പ്രസ്തുത നിയമനങ്ങൾ കോളേജിൽ നടത്തിയിട്ടുള്ളത്.

(സി) ഇക്കഴിഞ്ഞ ഭരണസമിതിയുടെ കാലയളവിൽ കേസ് നടത്തുന്നതിന് വേണ്ടി 2,64,750 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പരിയാരം മെഡിക്കൽ കോളേജ് പലിശയിനത്തിൽ തുകയൊന്നും തിരിച്ചടയ്ക്കേണ്ടതില്ല. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കോളേജ് വായ്പയൊന്നും എടുക്കാത്തതിനാൽ തുകയൊന്നും തിരിച്ചടക്കാനില്ല.

ജില്ലാസഹകരണ ബാങ്കുളിൽ പി.എസ്.സി. നിയമനം മുഖേന നികത്തേണ്ട ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തിയത് സംബന്ധിച്ച പരാതി

33(2285) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ഏതെല്ലാം തസ്തികകളിലെ നിയമനങ്ങളാണ് പി.എസ്.സി.-ക്ക് വിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തസ്തികകളിലെ എത്ര ശതമാനം ഒഴിവുകളാണ് പ്രൊമോഷൻ മുഖേന നികത്തേണ്ടത് ;

(സി) പി.എസ്.സി. നിയമനം മുഖേന നികത്തേണ്ട ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തിയത് സംബന്ധിച്ച പരാതികളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ; അതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) നിശ്ചിത റേഷ്യോ ലംഘിച്ച് നടത്തിയതായി പറയപ്പെടുന്ന നിയമനങ്ങളെക്കുറിച്ച് പരിശോധിക്കാനും നിയമവിരുദ്ധമായവ റദ്ദാക്കാനും നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ താഴെ പറയുന്ന തസ്തികകളിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട് :

1. ജനറൽ മാനേജർ
2. ഡെപ്യൂട്ടി ജനറൽ മാനേജർ
3. അഗ്രിക്കൾച്ചറൽ ഓഫീസർ
4. പ്ലാനിംഗ് & ഡവലപ്മെന്റ് ഓഫീസർ
5. ബ്രാഞ്ച് മാനേജരും തത്തുല്യ തസ്തികകളും
6. പബ്ലിക് റിലേഷൻസ് ഓഫീസർ
7. ഡാറ്റാ എൻട്രി ഓപ്പറേറ്റർ
8. ക്ലാർക്ക്/കാഷ്യർ
9. സ്റ്റെനോ ടൈപ്പിസ്റ്റ്
10. ടൈപ്പിസ്റ്റ്
11. ടെലിഫോൺ ഓപ്പറേറ്റർ
12. ഡ്രൈവർ
13. ലിഫ്റ്റ് ഓപ്പറേറ്റർ
14. പ്യൂൺ/വാച്ച്മാൻ

(ബി) പ്രൊമോഷൻ മുഖേന നിയമനം നടത്തേണ്ട തസ്തികകളും അവയുടെ ശതമാനക്കണക്കും ചുവടെ ചേർക്കുന്നു :

1. ഡെപ്യൂട്ടി ജനറൽ മാനേജർ	-	50%
2. എക്സിക്യൂട്ടീവ് ഓഫീസർ/ ഇൻസ്പെക്ടർ ഓഫ് ബ്രാഞ്ചസ്/ സീനിയർ മാനേജർ	-	100%
3. ബ്രാഞ്ച് മാനേജർ/സൂപ്രണ്ട്/ ചീഫ് അക്കൗണ്ടന്റ്/മാർക്കറ്റിംഗ് ഓഫീസർ	-	75%
4. സീനിയർ ഇൻസ്പെക്ടർ/ സീനിയർ അക്കൗണ്ടന്റ്/ ചീഫ് കാഷ്യർ	-	100%
5. അക്കൗണ്ടന്റ്/ഇൻസ്പെക്ടർ	-	100%

LIBRARY ARCHIVES Kerala Legislative Assembly

6. Ist ഗ്രേഡ് ടൈപ്പിസ്റ്റ്	-	100%
7. ക്ലാർക്ക്/കാഷ്യർ	-	17%
8. റിക്കോർഡ്കീപ്പർ/ബിൽ കളക്ടർ/ഡഫേദാർ/ഷ്റോഫ്/ കെയർ ടേക്കർ	-	100%
9. പ്യൂൺ/വാച്ച്മാൻ/ലിഫ്റ്റ് ഓപ്പറേറ്റർ	-	ചട്ടം 187 പ്രകാരം അംഗസംഘങ്ങളിലെ ജീവനക്കാർക്കായി സംവരണം ചെയ്തിട്ടുള്ള 50% ഒഴിവുകളിൽ 10% ജില്ലാ ബാങ്കിലെ യോഗ്യരായ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് പ്രൊമോഷൻ വഴിയുള്ള നിയമനമാണ്.

(സി) ഉണ്ട്. പരാതി സംബന്ധിച്ച് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ അന്വേഷണം നടത്തിയിട്ടുണ്ട്. കൂടാതെ ഇക്കാര്യം സഹകരണ വിജിലിൻസ് അന്വേഷിച്ചു വരികയാണ്.

(ഡി) അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം തീരുമാനിക്കുന്നതാണ്.

കേരളീയം പദ്ധതി

34(2286) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം നടത്തിയ കേരളീയം പദ്ധതിയിൽ എത്ര കോടി രൂപ സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ നിക്ഷേപം സമാഹരിച്ചതിൽ ഏതൊക്കെ ജില്ലകളാണ് മുൻപന്തിയിലെന്ന് വ്യക്തമാക്കുമോ ;

(സി) വായ്പാ കുടിശ്ശിക ഒഴിവാക്കുന്നതിനായി എന്തൊക്കെ ഇളവുകൾ നൽകുമെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly